# പുതുച്ചേരിക്കായുള്ള 2019-ലെ സി ആർ സെഡ് വിജ്ഞാപനമനുസരിച്ച് പുതുച്ചേരി കേന്ദ്രഭരണപ്രദേശത്തിനായുള്ള തീരദേശപരിപാലനപദ്ധതി തയ്യാറാക്കൽ.

ന്യൂ ഡൽഹിയിലെ പരിസ്ഥിതി, വനം, കാലാവസ്ഥാവ്യതിയാനം മന്ത്രാലയത്തിന്റെ 2019ൽ പുറപ്പെടുവിച്ച തീരദേശപരിപാലനമേഖല (Costal Regulation Zone CRZ) വിജ്ഞാപന ത്തിലെ വകുപ്പുകൾ പ്രകാരം, പുതുച്ചേരി കേന്ദ്ര ഭരണ പ്രദേശത്തെ (പുതുച്ചേരി, കാരയ്ക്കൽ, മാഹി, യാനം) തീരപ്രദേശത്തിനായുള്ള തീരദേശപരിപാലനപദ്ധതികൾ മന്ത്രാലയം അംഗീകരിച്ച ഏജൻസികൾ വഴി തയ്യാറാക്കുന്നതിന് പുതുച്ചേരി സർക്കാരിന്റെ കാലാവസ്ഥാവ്യതിയാനവകുപ്പിനെയും ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതിവകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം, ഇന്ത്യാ ഗവണ്മെന്റ് അംഗീകൃതസ്ഥാപനമായ ചെന്നൈയിലെ നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിനെ (NCSCM) പുതുച്ചേരി കേന്ദ്ര ഭരണപ്രദേശത്തിന്റ നാലു മേഖലകൾക്കുമുള്ള തീരദേശപരിപാലനപദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ നിയോഗിച്ചിട്ടുണ്ട്.

2019-ലെ സി ആർ സെഡ് ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പുതുച്ചേരി കേന്ദ്ര ഭരണപ്രദേശത്തിന്റെ നാലു മേഖലകളിലെയും തീരദേശപരിപാലനപദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്ന പ്രവൃത്തി NCSCM ചെന്നൈ പൂർത്തീകരിച്ചിട്ടുണ്ട്.

2019 ലെ സി ആർ സെഡ് ഉത്തരവിലെ അനുബന്ധം 4, ഖണ്ഡിക 6 പ്രകാരം പ്രസ്തുത തീരദേശപരിപാലനപദ്ധതി രൂപരേഖ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. പുതുച്ചേരി മലിനീകരണനിയന്ത്രണ കമ്മിറ്റിയുടെയും (https://dste.py.gov.in/ppcc/CZMP-2019.html) പുതുച്ചേരി തീരദേശപരിപാലന അതോറിറ്റിയുടെയും (https://dste.py.gov.in/pczma/Draft-CZMP-2019.html) വെബ്സൈറ്റുകളിൽ എല്ലാ വകുപ്പുകളിൽനിന്നും, പൊതുജനങ്ങളിൽനിന്നും ഗവൺമെന്റിതര സംഘടനകളിൽനിന്നും നിർദ്ദേശങ്ങൾക്കും വിയോജിപ്പുകൾക്കുമായി രൂപരേഖ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

തീരദേശപരിപാലനപദ്ധതി പോണ്ടിച്ചേരിയുടെ നാലു മേഖലകളിലും 1 : 25000 തോതിൽ തയ്യാറാക്കിയിരിക്കുന്നത് 2019-ലെ സി ആർ സെഡ് ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണെന്ന് ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത തീരദേശപരിപാലനപദ്ധതിയുടെ രൂപരേഖ CRZ1(പരിസ്ഥിതിദുർബ്ബലപ്രദേശങ്ങൾ), CRZ II(വികസിതപ്രദേശങ്ങൾ), CRZ III (ഉൾനാടൻ-ഗ്രാമീണപ്രദേശങ്ങൾ മുതലായവ) CRZ IV (വെള്ളക്കെട്ടുകൾ), ഭൂസ്വത്തിന്റെ വിസ്തൃതി തുടങ്ങിയവ അടയാളപ്പെടുത്തിയ പത്തു ഷീറ്റുകൾ അടങ്ങിയതാണ്.

## തീരദേശ പരിപാലന മേഖല (CRZ) 2019
## വിജ്ഞാപനം

**ഖണ്ഡിക 2.0: തീരദേശപരിപാലന മേഖല (CRZ) യുടെ തരംതിരിക്കൽ.**

തീരദേശമേഖലയും കടലും സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും പ്രദേശത്തെ താഴെ കാണിച്ചവിധം തരംതിരിച്ചിരിക്കുന്നു.

**2.1 CRZ I**
അതീവ പരിസ്ഥിതിലോലപ്രദേശങ്ങൾ. ഇവയെ വീണ്ടും തരം തിരിച്ചിരിക്കുന്നു.

**CRZ-IA:**
(a) CRZ IA താഴെ കാണിച്ചിരിക്കുന്ന പരിസ്ഥിതിലോലപ്രദേശങ്ങൾ ഉൾക്കൊള്ളുന്നു. ഭൂമിയുടെ ഉപരിതലസംരക്ഷണത്തിന് ഇവയുടെ നിലനില്പ്പ് അത്യന്താപേക്ഷിതമാണ്.

(i). കണ്ടൽക്കാടുകൾ ( കണ്ടൽക്കാടുകൾ 1000 ചതുരശ്ര മീറ്ററിൽ അധികമെങ്കിൽ അതിനു ചുറ്റും 50 മീറ്റർ വീതിയിൽ ബഫർസ്ഥലം ഉണ്ടാകേണ്ടതാണ്. അതും CRZ IA യിൽ ഉൾപ്പെടും.
(ii).പവിഴങ്ങളും പവിഴപ്പുറ്റുകളും
(iii). മൺകൂനകൾ
(iv). ജീവ-സജീവമായ ചതുപ്പുകൾ
(v). ദേശീയ ഉദ്യാനങ്ങൾ, സമുദ്രോദ്യാനങ്ങൾ, ജീവിസങ്കേതങ്ങൾ, സംരക്ഷിതവനങ്ങൾ, വന്യജീവിസങ്കേതങ്ങളും വന്യജീവി (സംരക്ഷണ) നിയമം 1972 (1972-ൽ 53), വന (സംരക്ഷണ) നിയമം 1980 (1980-ൽ 69) അല്ലെങ്കിൽ പരിസ്ഥിതി (സംരക്ഷണ) നിയമം 1986 (1986-ൽ 29) തുടങ്ങിയവയിൽ ഉൾപ്പെടുന്ന ജൈവസംരക്ഷണപ്രദേശങ്ങൾ അടക്കമുള്ള സ്ഥലങ്ങൾ.
(vi).ഉപ്പു പാടങ്ങൾ
(vii). കടലാമ മുട്ടയിടുന്ന കരയിലേക്ക് പ്രവേശിക്കുന്ന സ്ഥലങ്ങൾ.
(viii). ലാട ഞണ്ടുകളുടെ ആവാസകേന്ദ്രങ്ങൾ
(ix)കടൽപ്പുല്ലുകൾ വളരുന്ന ഇടങ്ങൾ
(x). പക്ഷികൾ കൂടുകൂട്ടുന്നസങ്കേതങ്ങൾ
(xi).പൈതൃക-പുരാവസ്തു പ്രാധാന്യമുള്ള സ്ഥലങ്ങൾ

(b). ഈ ഉത്തരവിന്റെ അനുബന്ധം i പ്രകാരം CZMP-യുമായിച്ചേർന്നു NCSCM ചെന്നൈ തയ്യാറാക്കുന്ന ഒരു വിശദമായ പരിസ്ഥിതിസംരക്ഷണമാതൃക മുഴവൻ സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും അവരവരുടെ പരിസ്ഥിതിലോലപ്രദേശങ്ങൾക്ക് അനുയോജ്യമായി പിന്തുടരേണ്ടതാണ്.

**2.1.2 CRZ -1B:**
വേലിയേറ്റത്തിനും വേലിയിറക്കത്തിനും ഇടയ്ക്കുള്ള കടൽത്തീരം.

**2.2 CRZ -II:**

തീരത്തോടടുത്തോ, തീരത്തിനു തൊട്ടോ ഉള്ള വികസിതപ്രദേശങ്ങൾ ഇതിൽപ്പെടുന്നു. മുൻസിപ്പാലിറ്റിയിലെയും നിലവിലുള്ള മറ്റു നിയുക്തനഗരപ്രദേശങ്ങളിലെയും നിർമ്മാണമേഖല ആകെയുള്ള സ്ഥലത്തിന്റെ അൻപത് ശതമാനത്തിന് മുകളിൽ ആണെങ്കിലും അവിടെ അഴുക്കുചാലുകളും റോഡുകളും ജലവിതരണം, വൈദ്യുതി തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാണെങ്കിലും ഈ വിഭാഗത്തിൽപ്പെടാം.

**2.3 -CRZ III:**

CRZ-II-ൽ പെടാത്തതും താരതമ്യേന വിതരണം നടക്കാത്തതുമായ (ഉദാഹരണത്തിന് ഗ്രാമപ്രദേശങ്ങൾ) പ്രദേശങ്ങൾ CRZ III-ൽ പെടുന്നു. ഇവയെ താഴെ കാണുംവിധം വീണ്ടും വിഭജിച്ചിരിക്കുന്നു.

**2.3.1 CRZ -III A:**

2011ലെ കനേഷുമാരി കണക്കുകൾ പ്രകാരം ചതുരശ്ര കിലോമീറ്ററിൽ 2161-ൽ കൂടുതൽ ജനസാന്ദ്രതയുള്ള, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന CRZ III പ്രദേശങ്ങൾ CRZ III A-യിൽ പെടുത്താം. CRZ III A-യിൽ വേലിയേറ്റവരയിൽ നിന്നും കരയിലേക്ക് 50 മീറ്റർ ദൂരം വികസനവിരുദ്ധപ്രദേശമായി (Non Development Zone -NDZ) രേഖപ്പെടുത്തേണ്ടതാണ്. ഇത് CZMP അംഗീകരിച്ചിരിക്കണം. അല്ലെങ്കിൽ നിലവിലുള്ള 200 മീറ്റർ നിയമം ബാധകമായിരിക്കും.

**2.3.2 CRZ-III B:**

2011-ലെ കനേഷുമാരി കണക്കുകൾ പ്രകാരം ചതുരശ്ര കിലോമീറ്ററിൽ 2161-ൽ കുറവ് ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ CRZ-III B-യിൽ ഉൾപ്പെടുന്നു. ഇവിടെ വികസനവിരുദ്ധപ്രദേശം (NDZ) വേലിയേറ്റ വരയിൽ നിന്നും 200 മീറ്ററായിരിക്കും.

**2.3.3:**

വേലിയേറ്റ വരയിൽ നിന്നും 50 മീറ്റർ കരയിലേക്കോ അല്ലെങ്കിൽ ഉൾക്കടലിന്റെ വീതിയോ, ഏതാണ് കുറവ്, ആ ഭാഗവും NDZ ആയി അടയാളപ്പെടുത്തും. (അംഗീകൃത തുറമുഖങ്ങളുടെ ഭാഗങ്ങൾ ഇതിൽപ്പെടില്ല.)

**2.4:CRZ IV:**

ഇവ വെള്ളക്കെട്ടുകളാണ്. താഴെ കാണും വിധം വീണ്ടും വിഭജിക്കാം.

**2.4 1:CRZ IV A:**

വേലിയിറക്ക വരിയിൽ നിന്നും 12 നോട്ടിക്കൽ മൈൽ അകലെവരെയുള്ള കടലിന്റെ അടിത്തട്ടും സമുദ്രജലവും CRZ IV-യിൽപ്പെടുന്നു.

**2.4.2 CRZ IV B:**

തിരമാലകൾ അടിക്കുന്ന വേലിയിറക്ക വരിക്കും കരയ്ക്കും ഇടയിലുള്ള കടൽ അടിത്തട്ടും വെള്ളവും. ഏറ്റവും വലിയ വേനലിൽ ഉപ്പിന്റെ സാന്ദ്രത ആയിരത്തിൽ അഞ്ച് ആയിരിക്കുന്ന

പ്രദേശം മുഴവൻ ഈ സോണിൽ വരും.

**3.0: തീരദേശപരിപാലനമേഖല (CRZ)യിൽ പ്രത്യേക പരിഗണന അർഹിക്കുന്ന സ്ഥലങ്ങൾ.**

താഴെ പറയുന്ന ഭാഗങ്ങളിൽ തീരദേശപരിസ്ഥിതിസംരക്ഷണത്തിനും തദ്ദേശീയ ജനവിഭാഗ ങ്ങളുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിനും പ്രത്യേകശ്രദ്ധ ആവശ്യമുണ്ട്.

3.1: ഗുരുതരപ്രശ്നങ്ങൾ ഉണ്ടാവുന്ന തീരദേശങ്ങൾ (Critically Vulnerable Costal Areas - CVCA):
പരിസ്ഥിതി (സംരക്ഷണ) നിയമം 1986-ൽ കണ്ടെത്തിയ പ്രത്യേകപരിഗണന ആവശ്യമായ സ്ഥലങ്ങളിൽ തങ്ങളുടെ ജീവിതത്തിന് കടൽവിഭവങ്ങളെ ആശ്രയിക്കുന്ന ജനവിഭാഗങ്ങളെ, മുക്കുവസമൂഹങ്ങളെ, അണിനിരത്തി സംരക്ഷണം നടപ്പാക്കാവുന്നതാണ്.

3.2: പ്രധാന ഭൂവിഭാഗത്തോട് ചേർന്നുനില്ക്കുന്ന ഉൾനാടൻ കായലുകളും ദ്വീപുകളും.

ആയതിനാൽ എല്ലാവരോടും - സ്ഥാപനങ്ങൾ, പൊതുജനം, ഗവർമെന്റിതരസംഘടനകൾ തുടങ്ങി എല്ലാവരോടും - തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, അങ്ങിനെയെന്തെങ്കിലും ഉണ്ടെങ്കിൽ സമർപ്പിക്കാൻ അഭ്യർത്ഥിക്കുന്നു. CZMP-യുടെ ഈ കരടുരേഖ പ്രസിദ്ധീകരിച്ച 45 ദിവസങ്ങൾക്കുള്ളിൽ അവ ഇംഗ്ലീഷ്, തമിഴ്, തെലുഗു, മലയാളം ഭാഷകളിൽ ഏതിലെങ്കിലും എഴുതി മെമ്പർ സെക്രട്ടറി, പുതുച്ചേരി പൊല്യൂഷൻ കൺട്രോൾ കമ്മിറ്റി, 3ാം നില, പി എച് ബി ബിൽഡിംഗ്, അണ്ണാ നഗർ, പുതുച്ചേരി. 605 005 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

മെമ്പർ സെക്രട്ടറി
പുതുച്ചേരി പൊല്യൂഷൻ കൺട്രോൾ കമ്മിറ്റി,
പുതുച്ചേരി.